(സി) പട്ടിക-എ പ്രകാരമുള്ള സിവിൽ നിർമ്മാണ പ്രവൃത്തികളുടെ 30-11-2014 വരെ പൂർത്തീകരിച്ച പ്രവൃത്തികൾ ശതമാനത്തിൽ താഴെ കൊടുക്കുന്നു.

(i) ആക്സസ് റോഡുകൾ	34.94%
(ii) വിയറും ഇൻടേക്ക് സ്ലൂക്ചറും	14.63%
(iii) പവർ ചാനൽ	34.56%
(iv) ഫോർബേ	3.91%
(v) പെൻസ്റ്റോക്ക്	11.36%
(vi) പവർ ഹൗസ്, ടെയിൽ റേസ്, സ്വിച്ച് യാർഡ് തുടങ്ങിയവ	20.29%

മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി 4,54,02,322 രൂപ കരാറുകാർക്ക് പാർട്ട് പേമെന്റായി 30-11-2014 വരെ നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റിലെ മറ്റു പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(ഡി) 2015 ഡിസംബറോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സൗരോർജ്ജം ഉപയോഗിക്കൽ

43 (2281) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജോൽപാദനക്കാര്യത്തിൽ സൗരോർജ്ജം പരമാവധി ചൂഷണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) കുറഞ്ഞ ചെലവിൽ സൗരോർജ്ജം ചൂഷണം ചെയ്യുന്നതിന് എന്തൊക്കെ ഗവേഷണ പ്രവർത്തനങ്ങൾ ഇതേവരെ നടത്തിയിട്ടുണ്ട്; വിശദവിവരം നൽകാമോ;

(സി) ഇത് സംബന്ധിച്ച് കണ്ടെത്തലുകളോ സംവിധാനങ്ങളുടെ വികസനമോ ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ പ്രഖ്യാപിച്ച സൗരോർജ്ജ നയം സംസ്ഥാനത്ത് 25-11-2013-ലെ ഗവൺമെന്റ് ഉത്തരവ് (P) No. 49/2013/PD പ്രകാരം നിലവിൽ വന്നു. പ്രസ്തുത സൗരോർജ്ജ നയമനുസരിച്ച് 2017-നുള്ളിൽ 500 MW-ഉം 2030 കാലയളവിനുള്ളിൽ 2500 MW സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത സൗരോർജ്ജ നയത്തിലെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ലഭ്യമായ സൗരോർജ്ജം പരമാവധി ഫുഷണം ചെയ്യുക എന്നതാണ്. വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി സൗരോർജ്ജ മേഖലയിൽ ഗാർഹിക ഉപഭോക്താക്കൾക്കായി പതിനായിരം റൂഫ്ടോപ്പ് സൗരഗ്രഹ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതിയിലൂടെ ഒരു വീട്ടിൽ ഒരു കിലോവാട്ട് സൗരോർജ്ജ പ്ലാന്റാണ് സ്ഥാപിക്കുന്നത്. ഇതിൽ നിന്നും സൗരോർജ്ജത്തിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് പ്രതിദിനം 3 -3.5 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനാവും. കൂടാതെ ശൃംഖലാബന്ധിത സൗരോർജ്ജ വൈദ്യുതി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട നടപടികൾ അനെർട്ട് വിഭാവനം ചെയ്തു വരുന്നു. പ്രസ്തുത പദ്ധതികൾക്ക് അനെർട്ട് സബ്സിഡി ലഭ്യമാക്കുന്നുണ്ട്. അനെർട്ടിന്റെ മേൽനോട്ടത്തിൽ 2011 മുതൽ 2014 വരെ വിവിധ സർക്കാർ/ അർദ്ധ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിലായി ആകെ 430.36 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്.

അനെർട്ടിന്റെ മേൽനോട്ടത്തിൽ ആകെ 152 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള സോളാർ പ്ലാന്റുകൾ വിവിധ നിർവ്വഹണ ഘട്ടത്തിലാണ്. സൗരോർജ്ജം പരമാവധി ഫുഷണം ചെയ്യുന്നതിനായി സൗരോർജ്ജ റാന്തലുകൾ സബ്സിഡി നിരക്കിൽ നൽകിവരുന്നു. കഴിഞ്ഞ വർഷം 33000 സി.എഫ്.എൽ. റാന്തലുകൾ നൽകി. ഈ വർഷം 60000 സൗരോർജ്ജ റാന്തലുകൾ സബ്സിഡി നിരക്കിൽ നൽകുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി ടെണ്ടർ വിളിക്കുന്നതിനായുള്ള നടപടികൾ നടന്നു വരുന്നു.

കൂടാതെ 45 വാട്ട് ശേഷി ഉള്ള സൗരോർജ്ജ എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സബ്സിഡി നിരക്കിൽ സ്ഥാപിച്ചു വരുന്നു. 44,875 രൂപ വില വരുന്ന എൽ.ഇ.ഡി. സൗരോർജ്ജ തെരുവ് വിളക്കുകൾ 30,000 രൂപ സംസ്ഥാന സർക്കാരിന്റെ സബ്സിഡി കഴിഞ്ഞ് 14,875 രൂപയ്ക്ക് സർക്കാർ സ്ഥാപനങ്ങളിൽ സ്ഥാപിച്ചു വരുന്നു. സൗരോർജ്ജ നയത്തിലെ ലക്ഷ്യങ്ങൾ സാധൂകരിക്കുന്നതിന് വേണ്ടി കെ.എസ്.ഇ.ബി നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി&സി) സൗരോർജ്ജ സി.എഫ്.എൽ. റാന്തലുകൾക്ക് പകരമായി കൂടുതൽ പ്രകാശം ലഭിക്കുന്നതും, സൗരോർജ്ജ പാനലുകളുടെ ശേഷി കുറച്ചും, കൂടുതൽ കാലം പ്രവർത്തിക്കുന്നതും, സി.എഫ്.എൽ. റാന്തലിനെ അപേക്ഷിച്ച് വിലക്കുറവുള്ളതുമായ സൗരോർജ്ജ എൽഇ.ഡി. റാന്തലുകളുടെ ടെക്നിക്കൽ സ്പെസിഫിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സൗരോർജ്ജ തെരുവ് വിളക്കുകൾക്കായി, നിലവിലുള്ള സൗരോർജ്ജ തെരുവ് വിളക്കുകളുടെ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് കൂടുതൽ പ്രകാശം ലഭിക്കുന്നതും MPPT (Maximum Power Point Tracker) ടെക്നോളജിയോടു കൂടിയുള്ള പുതിയതരം സൗരോർജ്ജ തെരുവ് വിളക്കുകളുടെ ടെക്നിക്കൽ സ്പെസിഫിക്കേഷനും തയ്യാറാക്കി. ഇത് ഫീൽഡിലെ പ്രോജക്ടുകളിൽ സന്നിവേശിപ്പിച്ചിട്ടുമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.